LIBRARY ARCHIVES Kerala Legislative Assembly

മലയാള ഭാഷാനിയമം

98 (1534) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള ഭാഷാ നിയമം നടപ്പാക്കിയോ ;

(ബി) പ്രവാസി മലയാളികളുടെ കുട്ടികളെ മലയാള ഭാഷ പഠിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സാങ്കേതിക സ്കൂളുകളിലും ഫിഷറീസ് സ്കൂളുകളിലും മലയാള ഭാഷാ പഠനക്രമം ഏത് രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. കേരള സർക്കാരിന്റെ സാംസ്കാരികകാര്യ വകുപ്പിനുകീഴിലുള്ള മലയാളം മിഷൻ, പ്രവാസി മലയാളി കുട്ടികളെ മലയാളഭാഷയും കേരളസംസ്കാരവും പരിചയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

പൈതൃക സംരക്ഷണം

99 (1535) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൈതൃകമായ സാംസ്കാരിക തനിമകൾ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വിശദമാക്കുമോ ;

(ബി) സാംസ്കാരിക തനതു കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ ശ്രദ്ധ നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം നൂറ് വർഷത്തിനു മുകളിൽ കാലപ്പഴക്കമുള്ള ചരിത്ര പൈതൃക സ്മാരകങ്ങളുടെ സംരക്ഷണം ചെയ്തുപോരുന്നു. കൂടാതെ ഓരോ ജില്ലയുടെയും പൈതൃകവും കലാരൂപങ്ങളും മറ്റും സംരക്ഷിക്കുന്നതിനായി ഓരോ ജില്ലയിലും ഒരു

ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന്റെ ആദ്യപടിയായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരളത്തിന്റെ സാംസ്കാരിക തനതു കലാരൂപങ്ങൾ പുരാവസ്തു വകുപ്പിന്റെ മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. തനതു കലാരൂപങ്ങളുടെ സംരക്ഷണം, പ്രോത്സാഹനം എന്നിവ സാംസ്കാരിക വകുപ്പിൻ കീഴിലുള്ള ഫോക്‌ലോർ അക്കാദമി, സംഗീത നാടക അക്കാദമി എന്നീ സ്ഥാപനങ്ങൾ മുഖാന്തരം നടത്തി വരുന്നു.

തലശ്ശേരി കോട്ടയിൽനിന്ന് ലഭിച്ച പീരങ്കി സംരക്ഷിക്കാൻ നടപടി

100 (1536) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി കോട്ടയിൽ നിന്ന് ലഭിച്ച നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി സർക്കാർ ഏറ്റെടുത്ത സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പീരങ്കികളുടെ സംരക്ഷണച്ചെലവിലേക്കായി തലശ്ശേരി പോർട്ട് കൺസർവേറ്ററുടെ ഓഫീസിൽ നിന്നും 3 ലക്ഷം രൂപ ഡി.ഡി. ആയി ലഭിച്ചിട്ടുണ്ട്. പുരാവസ്തു വകുപ്പ് ഇപ്പോൾ ഏറ്റെടുത്ത നടത്തുന്ന രാസസംരക്ഷണ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് പീരങ്കികളുടെ രാസസംരക്ഷണ ജോലികൾ ആരംഭിക്കുന്നതാണ്.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കഞ്ചൻ സ്മാരകം

101 (1537) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലക്കിടി ഗ്രാമപഞ്ചായത്തിലെ കഞ്ചൻ സ്മാരകത്തിനായി ഈ സർക്കാർ എത്ര രൂക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) 1-7-2006 മുതൽ 31-3-2011 വരെയും 1-4-2011 മുതൽ 31-10-2014 വരെയുമുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly